"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2023-24 സാമ്പത്തിക വർഷത്തിൽ "2515-00-102-29(PV)" എന്ന ബജറ്റ് ശീർഷകത്തിൽ കുടുംബശ്രീയുടെ വിവിധ തുടർ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 260 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1008/2023/LSGD  തീയതി,തിരുവനന്തപുരം, 09-05-2023

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.04.2023-ലെ 1/90621/2023 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയ്ക്ക് പദ്ധതി വിഹിതമായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 260 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്നും മൊത്തം പദ്ധതി വിഹിതത്തിന്റെ ആദ്യ ഗഡു പ്ലാൻ ശീർഷകങ്ങളിൽ കുടുംബശ്രീക്ക് അനുവദിച്ചു നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ സൂചിപാർശ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി പ്ലാൻ ശീർഷകത്തിൽ ഉദ്ദേശിക്കുന്ന പ്രസ്തുത ഘടകങ്ങളുടെ ഫണ്ട് അലോക്കേഷൻ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Name of Scheme | Outlay |
|---|---|---|
| 1 | Organisation | 6000 |
| II | Social Development | |
| 1 | Destitute free Kerala | 2200 |
| 2 | Buds Institutions | 700 |
| 3 | Balasabha | 350 |
| 4 | Tribal Development | 400 |

| | | |
|---|---|---|
| | Programme | |
| 5 | Gender Help Desk | 800 |
| | Sub Total (II) | 4450 |
| III | Local Economic Development | |
| 1 | Micro Finance | 6500 |
| 2 | Micro Enterprises<br><br>Janakeeya Hotel | 4500 |
| 3 | Agriculture Activity | 2000 |
| 4 | Animal Husbandry | 2050 |
| 5 | Marketing | 500 |
| | Sub Total (III) | 15,550 |
| | **Grand Total** | **26000** |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയ്ക്ക് പദ്ധതി വിഹിതമായി "2515-00-102-29-PV" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 260 കോടി (ഇരുന്നൂറ്റിഅറുപതുകോടിരൂപ മാത്രം )രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

സ.ഉ.(സാധാ) നം.1008/2023/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വനിത-ശിശു) വികസന വകുപ്പ് (WCD-3/4/2022-Fin )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ1/159/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 10-05-2023 10:37:04
സെക്ഷൻ ഓഫീസർ